**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 709** **23-02-2022 - ൽ മറുപടിയ്ക്ക്**

**ജപ്തി നടപടികൾ നിർത്തിവയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് പശ്ചാത്തലത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ജപ്തി നടപടികൾ നിർത്തിവച്ചുകൊണ്ടുള്ള ഉത്തരവിന്റെ കാലാവധി ദീർഘിപ്പിച്ച് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | കോവിഡ് പശ്ചാത്തലത്തിൽ ഭൂരിഭാഗം സംഘങ്ങളിലേയും കുടിശ്ശിക വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ജപ്തി നടപടികൾ നിർത്തിവച്ച് കൊണ്ടുള്ള ഉത്തരവിന്റെ കാലാവധി ദീർഘിപ്പിച്ച് നൽകിയാൽ അത് സഹകരണ സംഘങ്ങൾ/ ബാങ്കുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്നതിനാലും, വലിയ നഷ്ടം ടി സംഘങ്ങൾ/ബാങ്കുകൾക്ക് ഉണ്ടാകുമെന്നതിനാലും നിലവിൽ ഈ വിഷയം പരിഗണനയിലില്ല. കോവിഡ് പശ്ചാത്തലത്തിൽ വായ്പാക്കാർക്ക് ആശ്വാസമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | വിവിധ കാരണങ്ങളാൽ വായ്പാതുക കുടിശ്ശികയാവുകയും ജപ്തി നടപടികൾ സ്വീകരിക്കപ്പെടുകയും ചെയ്തിട്ടുള്ളവർക്ക് തിരിച്ചടവിനായി ഇളവുകൾ ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | വിവിധ കാരണങ്ങളാൽ വായ്പാ തുക കുടിശ്ശികയാവുകയും ജപ്തി നടപടികൾ സ്വീകരിക്കപ്പെടുകയും ചെയ്തിട്ടുള്ളവർക്ക് തിരിച്ചടവിനായി ഇളവുകൾ ലഭ്യമാക്കിയിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട് ജപ്തി നടപടികളിലും, തിരിച്ചടവിൽ സാവകാശം അനുവദിക്കുന്നതിലും സഹകരണ ബാങ്കുകൾ പരമാവധി ഇളവുകൾ നൽകിവരുന്നു. സംസ്ഥാനത്ത് മഴക്കെടുതി മൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി 31.07.2018 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം അനുവദിച്ച് നൽകിയിരുന്നു. തുടർന്ന് സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31.03.2020 വരെ മോറട്ടോറിയം അനുവദിച്ചും, കോവിഡ് 19 – നെ തുടർന്ന് 01.03.2020 മുതൽ 31.08.2020 വരെ മോറട്ടോറിയം അനുവദിച്ചും സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി :- സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുത്ത് കുടിശ്ശിക ആയിട്ടുള്ളതും, കോവിഡ് |

| | | | |
|---|---|---|---|
| | | | മഹാമാരി കാരണം ജീവിതം ദു:സ്സഹ മായിരിക്കുന്നതുമായ വായ്പക്കാർക്ക് ആശ്വാസ മാവുക എന്ന ലക്ഷ്യത്തോടുകൂടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2021 ആഗസ്റ്റ് 16 മുതൽ നടപ്പിലാക്കി വരുന്നു. നിലവിൽ ടി പദ്ധതി 2022 മാർച്ച് 31 വരെ നടപ്പിലാക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴ പലിശ പൂർണ്ണമായി ഒഴിവാക്കിയും പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവ് നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകിയും വായ്പ കണക്ക് അവസാനിപ്പിച്ച് വരുന്നു. കേരള സംസ്ഥാന സഹകരണ ബാങ്ക്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് എന്നീ ബാങ്കുകളിലും 2022 മാർച്ച് 31 വരെ ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ആർബിട്രേഷൻ നടപടികൾ സ്വീകരിച്ചിട്ടുള്ള വായ്പകൾക്ക് മുൻഗണന നൽകുന്നതിനും, ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഇളവുകൾ നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ